കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - മേലാറ്റൂർ ഗ്രാമപഞ്ചായത്ത് - ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സിലെ 73 കടമുറികൾ വൈദ്യുതീകരണം നടത്താതെ മുൻകൂർ ലേലം ചെയ്ത് ഡെപ്പോസിറ്റ് തുക മുതൽക്കൂട്ടുന്നതിനും വൈദ്യുതീകരണം പൂർത്തിയാക്കിയ ശേഷം മാത്രം കടമുറികൾ ലേലക്കാരന് കൈമാറി, ലൈസൻസ് ഫീസ് (വാടക) ഈടാക്കാനുമുള്ള അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം. 394/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 08.02.2018.

വായന: -
1. സഉ(സാധാ)നം.848/16/തസ്വഭവ തീയതി 26/02/2016
2. മേലാറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 06/01/2018 ലെ സാധാരണ യോഗത്തിന്റെ 7ാം നമ്പർ തീരുമാനം.
3. മേലാറ്റൂർ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിന്റെ 07.01.2018 ലെ കത്ത്.
4. പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറുടെ 20/01/2018 ലെ EL2-2099/2017 നമ്പർ കത്ത്.

## ഉത്തരവ്

മലപ്പുറം ജില്ലയിലെ മേലാറ്റൂർ ഗ്രാമപഞ്ചായത്തിൽ ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് കെ.യു.ആർ.ഡി.എഫ്.സി യിൽ നിന്നും 5,94,00,000/- (അഞ്ച് കോടി തൊണ്ണൂറ്റിനാല് ലക്ഷം) രൂപ വായ്പ എടുക്കുന്നതിന് വായന(1) പ്രകാരം മേലാറ്റൂർ ഗ്രാമപഞ്ചായത്തിന് അനുമതി നൽകിയിരുന്നു. ടി ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം നിർമ്മിക്കുന്നതിന്റെ സാങ്കേതിക അനുമതി തുകയായ 6,60,00,000/- (ആറ് കോടി അറുപത് ലക്ഷം) രൂപയുടെ 90% ആയ 5,94,00,000/- രൂപയ്ക്ക് വായ്പ അനുവദിക്കുന്നതിന് 20/04/2016 ൽ ഗ്രാമപഞ്ചായത്തും കെ.യു.ആർ.ഡി.എഫ്.സി യും ധാരണയായി കരാർ ഉടമ്പടി ഒപ്പുവെച്ചിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടത്തിന്റെ നിർമാണ പ്രവൃത്തി ടെണ്ടർ മുഖേന നിർവഹണം ആരംഭിച്ച് 90 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതുമാണെന്നും ടി പ്രവൃത്തിക്ക് 3 പാർട്ട് ബില്ലുകളിലായി 4,65,96,000/- (നാല് കോടി അറുപത്തഞ്ച് ലക്ഷത്തി തൊണ്ണൂറ്റി ആറായിരം) രൂപ കെ.യു.ആർ.ഡി.എഫ്.സി ലോൺ തുക അനുവദിച്ച് കരാറുകാരന് നൽകിയിട്ടുള്ളതും ടി ലോൺ തുകയുടെ പലിശയിനത്തിൽ 20,06,659/- രൂപ കെ.യു.ആർ.ഡി.എഫ്.സി ക്ക് തിരിച്ചടവ് തനത് ഫണ്ടിൽ നിന്നും നൽകിയിട്ടുള്ളതാണെന്നും 2017 നവംബർ 30 നകം ടി ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടത്തിന്റെ വൈദ്യുതീകരണം ഒഴിച്ചുള്ള പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ടെന്നും എന്നാൽ ടി ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടത്തിന്റെ വൈദ്യുതീകരണ പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് കെട്ടിടത്തിന്റെ സിവിൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തതും ആയതിന് തുക വകയിരുത്തിയിട്ടില്ലാത്തതുമാണെന്നും വായന(3) മുഖേന മേലാറ്റൂർ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് അറിയിച്ചിട്ടുണ്ട്. നിലവിൽ വൈദ്യുതീകരണം ഒഴിച്ചുള്ള എല്ലാ സിവിൽ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുള്ള ഷോപ്പിംഗ് കോംപ്ലക്സ് വൈദ്യുതീകരിക്കാതെ തന്നെ ലേലം ചെയ്ത് ഡെപ്പോസിറ്റ് തുക മുതൽക്കൂട്ടുന്നതിനും ആയതിലൂടെ സമാഹരിക്കുന്ന തുക ഉപയോഗിച്ച് വൈദ്യുതീകരണം നടത്തിയ ശേഷം മാത്രം കടമുറികൾ ലേലക്കാരന് കൈമാറി കെട്ടിടത്തിന്റെ ലൈസൻസ് ഫീസ് (വാടക) ഈടാക്കുന്നതിനും അനുമതി നൽകണമെന്ന് മേലാറ്റൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അപേക്ഷിച്ചിരുന്നു. കെട്ടിടത്തിന്റെ വൈദ്യുതീകരണ

പ്രവൃത്തികൾക്കായി പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ തയ്യാറാക്കിയ 49 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് വായന(4) മുഖേന ലഭ്യമാക്കിയിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേലാറ്റൂർ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിന്റെ വായന(3) കത്തിൽ പറയുന്ന വസ്തുതകൾ പരിഗണിച്ച് മേലാറ്റൂർ ഗ്രാമപഞ്ചായത്തിലെ ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സിലെ 73 കടമുറികൾ വൈദ്യുതീകരണം നടത്താതെ മുൻകൂർ ലേലംചെയ്ത് ഡെപ്പോസിറ്റ് തുക മുതൽക്കൂട്ടുന്നതിനും വൈദ്യുതീകരണം പൂർത്തിയാക്കിയ ശേഷം മാത്രം കടമുറികൾ ലേലക്കാരന് കൈമാറി, ലൈസൻസ് ഫീസ് (വാടക) ഈടാക്കാനുള്ള പ്രത്യേകാനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ , തിരുവനന്തപുരം
സെക്രട്ടറി/പ്രസിഡണ്ട്, മേലാറ്റൂർ ഗ്രാമപഞ്ചായത്ത്, മലപ്പുറം
മാനേജിംഗ് ഡയറക്ടർ, കെ.യു. ആർ.ഡി.എഫ്.സി
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (ജി&എസ്.എസ്.എ), കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ , തിരുവനന്തപുരം
തദ്ദേശസ്വയംഭരണ (ഒ . എസ് ) വകുപ്പ്, ഡിബി2/18/2016
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ